കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2016 ഡിസംബർ 20<br>20th December 2016<br>1192 ധനു 5<br>5th Dhanu 1192<br>1938 അഗ്രഹായനം 29<br>29th Agrahayana 1938 | നമ്പർ<br>No. 2218 |

## കേരള സർക്കാർ

### സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 22/2016/സാം.കാ.വ.

തിരുവനന്തപുരം, 2016 ഡിസംബർ 3.
1192 വൃശ്ചികം 18.

**എസ്. ആർ. ഒ. നമ്പർ 767/2016.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 1/2013/സാം.ക.വ. നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 246/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിലേക്കായി ഇതിനാൽ താഴെപ്പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/4187/2016/S-26.

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.— 2013 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ,—

(1) 14-ാം ഖണ്ഡികയിൽ, (3)-ാം ഉപഖണ്ഡികയിൽ 'ആയിരം' എന്ന വാക്കിനുപകരം "രണ്ടായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) 19-ാം ഖണ്ഡികയിൽ, (2)-ാം ഉപഖണ്ഡികയ്ക്കു പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"(2) ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ടിട്ടുള്ള അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും ഗുരുതരമായ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി, അംഗത്വകാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ (ഒരുലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. അതോടൊപ്പംതന്നെ ഇത്തരം ഗുണഭോക്താക്കളെ അവരുടെ സഹകരണത്തോടെ മെഡിക്ലെയിം പോലെയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ ₹ 25,000 (ഇരുപത്തിഅയ്യായിരം രൂപ) ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,

*ഗവൺമെന്റ് സെക്രട്ടറി.*



## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 14-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡിക പ്രകാരം ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹനാകുന്ന കലാ സാംസ്കാരിക പ്രവർത്തകന് നൽകാവുന്ന കുറഞ്ഞ പെൻഷൻ രണ്ടായിരം രൂപയായി വർദ്ധിപ്പിക്കുന്നതിനും പദ്ധതിയിലെ 19-ാം ഖണ്ഡിക (2) ഉപഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഹൃദ്രോഗം, കാൻസർ, വൃക്കസംബന്ധമായ അസുഖങ്ങൾക്ക് പുറമേ കരൾരോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവം മുഖേന ഉണ്ടാകുന്ന അസുഖങ്ങളെക്കൂടി ഉൾപ്പെടുത്തി അംഗങ്ങളുടെ കുടുംബാംഗങ്ങൾക്കുകൂടി ചികിത്സക്കായി നൽകാവുന്ന പരമാവധി ധനസഹായം ₹ 1.5 ലക്ഷം (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ആയി വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം അടിയന്തിരഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ ₹ 25,000 (ഇരുപത്തിഅയ്യായിരം രൂപ) ചികിത്സാ ധനസഹായം നൽകുന്നതിനുമായി പദ്ധതി ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.